## സപ്ലിമെന്ററി അലോട്ട്മെന്റിനായുള്ള അപേക്ഷ സമർപ്പണം
## അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ

ഹയർ സെക്കണ്ടറി (വൊക്കേഷണൽ) മുഖ്യ അലോട്ട്മെന്റിൽ അപേക്ഷിച്ചിട്ടും അലോട്ട്മെന്റ് ലഭിക്കാതിരുന്നവർക്കും ഇതുവരെയും അപേക്ഷ നൽകാൻ കഴിയാതിരുന്നവർക്കും എസ്.എസ്.എൽ.സി SAY പരീക്ഷയിൽ ഉപരിപഠന യോഗ്യത നേടിയവർക്കും **സപ്ലിമെന്ററി അലോട്ട്മെന്റിന് 2026 ജൂലൈ 12 മുതൽ 15 വൈകുന്നേരം 5.00 മണി വരെ അപേക്ഷിക്കാവുന്നതാണ്.** മുഖ്യ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ചിട്ട് പ്രവേശനത്തിന് ഹാജരാകാത്തവർക്കും ഈ ഘട്ടത്തിൽ വീണ്ടും അപേക്ഷിക്കാം. തെറ്റായ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെട്ടതിനാൽ അലോട്ട്മെന്റ് ലഭിച്ചിട്ടും പ്രവേശനം നിരാകരിക്കപ്പെട്ടവർക്കും സപ്ലിമെന്ററി അലോട്ട്മെന്റിന് പരിഗണിക്കുന്നതിനായി അപേക്ഷ പുതുക്കുന്നതിനുള്ള സൗകര്യം അനുവദിച്ചിട്ടുണ്ട്. ഹയർസെക്കന്ററി തലത്തിലെ NSQF അധിഷ്ഠിതമായ 41 കോഴ്സുകളിലേക്കാണ് പ്രവേശനം നടക്കുന്നത്.

അപേക്ഷയിലെ കാറ്റഗറി തിരഞ്ഞെടുക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കുക. SSLC മാർക്ക് ലിസ്റ്റിലെ എല്ലാ കാറ്റഗറികളും അപേക്ഷയിലേക്ക് അതുപോലെ പകർത്താൻ സാധിക്കില്ല. ഉദാഹരണത്തിന് ഈഴവ, മുസ്ലിം, മറ്റ് പിന്നോക്ക ഹിന്ദു വിഭാഗങ്ങൾ, പിന്നോക്ക ക്രിസ്ത്യൻ, ലത്തീൻ കത്തോലിക്ക, ധീവര, വിശ്വകർമ, കുശവൻ, കുടുംബി എന്നിവ SSLC യിൽ പൊതുവെ OBC എന്നായിരിക്കും രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പ്രവേശന പ്രക്രിയയിൽ പ്രത്യേക സംവരണാനുകൂല്യങ്ങൾ ഉള്ളതിനാൽ ഇവയോരോന്നും പ്രത്യേക കാറ്റഗറികളായാണ് രേഖപ്പെടുത്തേണ്ടത്. ഓരോ ജാതിയുടെയും കാറ്റഗറികൾ മനസ്സിലാക്കുന്നതിന് പ്രോസ്പെക്ടസിന്റെ അനുബന്ധം 3 നോക്കുക.

**1.** ഇതുവരെയും ഹയർ സെക്കണ്ടറി (വൊക്കേഷണൽ) ഒന്നാം വർഷ പ്രവേശനത്തിനായി അപേക്ഷിക്കാത്ത കുട്ടികൾ അപേക്ഷ സമർപ്പിക്കുന്നതിനായി https://admission.vhseportal.kerala.gov.in എന്ന അഡ്മിഷൻ വെബ് സൈറ്റിൽ Candidate Login നിർമിച്ച ശേഷം ലോഗിൻ ചെയ്ത് അപേക്ഷാസമർപ്പണം പൂർത്തിയാക്കാവുന്നതാണ്.

**2.** മുഖ്യ അലോട്ട്മെന്റിൽ അപേക്ഷിച്ച കുട്ടികൾ അപേക്ഷ പുതുക്കുന്നതിനായി ക്യാൻഡിഡേറ്റ് ലോഗിനിലെ **"CONTINUE APPLICATION"** എന്ന ലിങ്കിലൂടെ പുതിയ ഓപ്ഷനുകൾ നൽകി അപേക്ഷ അന്തിമമായി സമർപ്പിക്കണം.

**3.** അപേക്ഷകളുടെ പ്രിന്റൗട്ട് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കേണ്ടതും, അഡ്മിഷൻ സമയത്ത് സ്കൂളിൽ ഹാജരാക്കേണ്ടതുമാണ്.

**4.** ട്രാൻസ്ഫർ അലോട്ട്മെന്റ് പ്രകാരമുള്ള പ്രവേശനം കഴിഞ്ഞിട്ടുള്ള ഒഴിവുകളിലായിരിക്കും സപ്ലിമെന്ററി ഘട്ടത്തിലെ അപേക്ഷകരെ പരിഗണിക്കുക.

**5.** സപ്ലിമെന്ററി അലോട്ട്മെന്റിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ വേക്കൻസി കണക്കിലെടുക്കാതെ കുട്ടികൾക്ക് ആവശ്യമുള്ള സ്കൂളുകളിലെ ആവശ്യമുള്ള കോഴ്സുകളിലേക്ക് അപേക്ഷിക്കാവുന്നതാണ്.

*വിശദ വിവരങ്ങൾക്കും മറ്റു നിർദ്ദേശങ്ങൾക്കും അഡ്മിഷൻ വെബ് സൈറ്റായ https://admission.vhseportal.kerala.gov.in സന്ദർശിക്കുക.*

**ഏകജാലക കോ-ഓർഡിനേറ്റർ**